**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447** **21-03-2025 - ൽ മറുപടിയ്ക്ക്**

**പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പി.പി.ആർ.ഐ.) തയാറാക്കിയ റിപ്പോർട്ടിൽ ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പി.പി.ആർ.ഐ. തയ്യാറാക്കിയ പഠനറിപ്പോർട്ടിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരുടെ നിരക്കിൽ (GER) കേരളം ദേശീയ ശരാശരിയെക്കാൾ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ 2016-17 -ൽ 18 - 23 വയസ്സുകാരിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയവരുടെ ശതമാനം 34.2 ആണ് . 2021-22 -ൽ ഈ നിരക്ക് 41.3 ശതമാനമായി വർദ്ധിച്ചു. എന്നാൽ ഈ കാലയളവിൽ ദേശീയ ശരാശരി യഥാക്രമം 25.2 ശതമാനവും (2016-17) 28.4 ശതമാനവും (2021-22) ആയിരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർ കരസ്ഥമാക്കിയ വിദ്യാഭ്യാസ നേട്ടങ്ങളിൽ കേരളം ദേശീയ ശരാശരിയിൽ മുന്നിലാണോ; വിശദാംശം നൽകാമോ; | (ബി) | കേരളത്തിൽ ഉന്നതവിദ്യാഭ്യാസത്തിനായി പ്രവേശനം നേടുന്ന (GER) സ്ത്രീകൾ 2016-17 -ൽ 40.9 ശതമാനമായിരുന്നത് 2021-22 -ൽ 49 ആയി വർദ്ധിച്ചു. എന്നാൽ ഈ കാലയളവിൽ സ്ത്രീകളുടെ GER ദേശീയ ശരാശരി 24.5 ശതമാനവും (2016-17) 28.5 ശതമാനവും (2021-22) ആയിരുന്നു.<br><br>കേരളത്തിലെ പട്ടികജാതി വിഭാഗക്കാർക്കിടയിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശിക്കുന്നവർ 23.6 ശതമാനത്തിൽ നിന്നും (2016-17) 28.3 ശതമാനമായി (2021-22) വർദ്ധിച്ചു. ഈ കാലയളവിൽ പട്ടികജാതി വിഭാഗക്കാരിലെ ദേശീയശരാശരി 21.1 ശതമാനവും 25.9 ശതമാനവുമായിരുന്നു.<br><br>കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ ഉന്നതവിദ്യാഭ്യാസത്തിനായി പ്രവേശനം നേടിയവരുടെ നിരക്ക് 18.3 ശതമാനത്തിൽ (2016-17) നിന്നും 28.9 ശതമാനമായി (2021-22) വർധിച്ചപ്പോൾ ദേശീയ ശരാശരി 15.4 ശതമാനവും |

| | | | |
|---|---|---|---|
| | | | (2016-17) 21.2 ശതമാനവും (2021-22) ആയിരുന്നു. |
| (സി) | ഏതുതരം വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പി.പി.ആർ.ഐ. റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസമന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ള 'All India Survey on Higher Education', കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസകൗൺസിൽ തയ്യാറാക്കിയിട്ടുള്ള 'All Kerala Higher Education Survey' എന്നീ റിപ്പോർട്ടുകളെയാണ് പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രധാനമായും ആധാരമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ